International Year of Cooperatives 2025

RCS/2839/2026-CB(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 26-03-2026

## സർക്കുലർ നമ്പർ 14/26

വിഷയം: സഹകരണ വകുപ്പ് – കേരള ബാങ്കിൽനിന്നും വിതരണം ചെയ്യുന്ന PRS വായ്പകൾക്ക് ഓഹരി അനുപാതം- പാലക്കാട് ജില്ലക്ക്- ഇളവ് നൽകുന്നത് സംബന്ധിച്ച്

സൂചന:
1. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 23.03.2026 ലെ ഓൺലൈൻ യോഗത്തിലെ നിർദ്ദേശം
2. സഹകരണ സംഘം രജിസ്ട്രാറുടെ 06.06.2013 ലെ 37/2013 നമ്പർ സർക്കുലർ

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധയിനം വായ്പകൾക്കും, ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഇതേ ആവശ്യത്തിന് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്കുമുള്ള ഓഹരി അനുപാതം 2% മായി വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കുലർ നിർദേശം പുറപ്പെടുവിച്ചിരുന്നു. നിലവിൽ നെൽ കർഷകരെ സഹായിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് PRS വായ്പ നടത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. PRS വായ്പയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിന്റെ അഭാവത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പരാമർശം (2) സർക്കുലർ നിർദ്ദേശ പ്രകാരമുള്ള 2% ഓഹരി അനുപാതം എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് പരാമർശം (1) ലെ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ PRS വായ്പയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും നൽകുന്ന PRS വായ്പയ്ക്കായി എടുക്കുന്ന Special Liquidity Assistance(SLA) ന് 2% ഓഹരി അനുപാതം എന്ന വ്യവസ്ഥ ഇതിനാൽ ഒഴിവാക്കുന്നു. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഈ ഇളവ് ഈ

പ്രത്യേക പ്രവർത്തനത്തിന് മാത്രമായി ഭക്ഷ്യവകുപ്പ് നോട്ടിഫൈ ചെയ്തിട്ടുള്ള സംഘങ്ങളിൽ തുടരുന്നതാണ്.

(ഒപ്പ്)

ഡോ: ഡി. സജിത് ബാബു. ഐ.എ.എസ്

**സഹകരണ സംഘം രജിസ്ട്രാർ**

<u>**പകർപ്പ്**</u>

1. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ,കേരളാ ബാങ്ക്
2. പാലക്കാട് ജില്ലയിലെഎല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും
3. ജോയിന്റ് രജിസ്ട്രാർ (ജനറൽ) പാലക്കാട്
4. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) പാലക്കാട്
5. സഹകരണ ആഡിറ്റ് ഡയറക്ടർ (ആവരണ കത്ത് സഹിതം)
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ

ആജ്ഞാനുസരണം

Digitally signed by
Smitha J V
Date: 27-03-2026
10:58:12

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)